**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **03-02-2026 - ൽ മറുപടിയ്ക്ക്**

**നേറ്റിവിറ്റി കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രവാസികൾ ഉൾപ്പെടെയുള്ള കേരളീയർക്ക് നേറ്റിവിറ്റി കാർഡ് ലഭ്യമാക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. നിലവിൽ സംസ്ഥാനത്ത് ജനിച്ചുവളർന്ന സ്വദേശിയാണെന്ന് സാക്ഷ്യപ്പെടുത്തി സംസ്ഥാന സർക്കാർ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചു വരുന്നുണ്ട്. ഒരു പ്രത്യേക സംസ്ഥാനത്ത് താമസിക്കുന്ന വ്യക്തി ആ സംസ്ഥാനത്ത് ജനിച്ചു വളർന്ന സ്വദേശിയാണെന്ന് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ നൽകുന്ന രേഖയാണ് നേറ്റിവിറ്റി സർട്ടിഫിക്കറ്റ്. ഇന്ത്യൻ യൂണിയന്റെയോ സംസ്ഥാനത്തിന്റെയോ ഏതെങ്കിലും നിയമത്തിലൂടെ നിഷ്കർഷിക്കപ്പെട്ടതോ അതിലൂടെ നിയമപിൻബലമുള്ളതോ ആയ രേഖയല്ല നിലവിലുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ്. ഈ സർട്ടിഫിക്കറ്റിന് ഏതെങ്കിലും നിയമത്തിന്റെ പിൻബലം ഇല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ആണ് സംസ്ഥാനത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കും ക്ഷേമ പെൻഷനുകൾക്കും മറ്റെല്ലാവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതിലേക്കായി നിയമപ്രാബല്യമുള്ള നേറ്റിവിറ്റി കാർഡ് നൽകുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പല ആവശ്യങ്ങൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യമുള്ളതിനാലാണ് നിയമത്തിന്റെ പിൻബലമുള്ള നേറ്റിവിറ്റി കാർഡ് നൽകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്ന കേരളീയർക്ക് പൊതു സ്വീകാര്യതയുള്ള നേറ്റിവിറ്റി കാർഡ് ലഭ്യമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്ന ജന്മം കൊണ്ട് കേരളീയനായ ഏതൊരു വ്യക്തിക്കും നേറ്റിവിറ്റി കാർഡിന് അർഹത ഉണ്ടായിരിക്കും. ഒരു ഭാരതീയനായിരിക്കുന്നതോടൊപ്പം തന്നെ ഒരു കേരളീയനുമാണ് എന്ന അഭിമാനബോധം ജനിപ്പിക്കത്തക്കവിധം രൂപകൽപന ചെയ്യുന്നതായിരിക്കും ഈ കാർഡ്. നേറ്റിവിറ്റി കാർഡിലൂടെ ഒരാൾ ജന്മം കൊണ്ട് കേരളീയനാണ് എന്ന് |

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. കേരളത്തിനുള്ളിൽ ജനിച്ച ആളുകൾക്ക് മാത്രമല്ല, കേരളത്തിന് പുറത്ത് ജനിച്ച വ്യക്തികൾക്കും, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നേറ്റിവിറ്റി കാർഡിന് അപേക്ഷിക്കാവുന്നതാണ്.<br><br>i) മാതാപിതാക്കൾ രണ്ടുപേരും കേരളത്തിൽ ജനിച്ചു വളർന്നവരാണെങ്കിൽ;<br><br>ii) മാതാപിതാക്കളിൽ ഒരാൾ കേരളത്തിൽ ജനിച്ചുവളർന്നയാളും മറ്റെയാൾ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്ത് ജനിച്ചു വളർന്നയാളും ആകുകയും വിവാഹശേഷം രണ്ടുപേരും കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കുകയും ചെയ്താൽ; |
| (സി) | നേറ്റിവിറ്റി കാർഡിൽ ഓരോ പൗരനെയും സംബന്ധിക്കുന്ന എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | (സി) | നേറ്റിവിറ്റി കാർഡിൽ ഓരോ പൗരന്റെയും പേര്, ജനന വർഷം, സ്വദേശി പദവി, മാതാപിതാക്കളുടെ പേര് വിവരം, സ്ഥിര മേൽവിലാസം, റേഷൻ കാർഡ് നമ്പർ (ആവശ്യമെങ്കിൽ), ആധാർ കാർഡ് നമ്പർ (ആവശ്യമെങ്കിൽ), ഇലക്ഷൻ ഐ ഡി കാർഡ് ഇവയെല്ലാം ഉൾപ്പെടുത്തി നേറ്റിവിറ്റി കാർഡ് രൂപകൽപന ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ഡി) | കേരളത്തിന് പുറത്ത് താമസിക്കുന്ന ദമ്പതികൾക്ക് അവിടെ വച്ച് ജനിക്കുന്ന കുട്ടികൾക്ക് നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ; | (ഡി) | കേരളത്തിന് പുറത്ത് താമസിക്കുന്ന ദമ്പതികൾക്ക് അവിടെ വെച്ച് ജനിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവുകൾക്ക് / നിർദ്ദേശങ്ങൾക്ക് വിധേയമായി നേറ്റിവിറ്റി കാർഡിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ഓൺലൈൻ സംവിധാനം ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ ഏർപ്പെടുത്തുന്നതാണ്. നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ താഴെ കൊടുക്കുന്നു.<br><br>1. ഇ -ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി അപേക്ഷകൻ വില്ലേജ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്നു.<br><br>2. അപേക്ഷയിൻമേൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തുന്നു.<br><br>3. വില്ലേജ് ഓഫീസർ അന്വേഷണ റിപ്പോർട്ട് സഹിതം അപേക്ഷ തഹസിൽദാർക്ക് അയയ്ക്കുന്നു.<br><br>4. അപേക്ഷയും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ച് നേറ്റിവിറ്റി കാർഡ് അനുവദിക്കാവുന്ന കേസുകളിൽ തഹസിൽദാർ നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നു. |
| (ഇ) | സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് നേറ്റിവിറ്റി കാർഡ് തിരിച്ചറിയൽ | (ഇ) | സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് നേറ്റിവിറ്റി കാർഡ് ഒരു ഉപഭോക്തൃ |

| | | | |
|---|---|---|---|
| | രേഖയായി പരിഗണിക്കുമോ; വിശദീകരിക്കുമോ? | | തിരിച്ചറിയൽ രേഖയായി പരിഗണിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ